"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പെരുവമ്പ സി എ ഹൈസ്കൂളിലെ 2019-20 വർഷത്തെ തസ്തിക പുനർ നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാറിൽ സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3300/2022/GEDN തീയതി,തിരുവനന്തപുരം, 31-05-2022

---

പരാമർശം:-

1. പാലക്കാട് പെരുവമ്പ സി എ ഹൈസ്കൂൾ മാനേജരുടെ 27/07/2021 തീയതിയിലെ പുന:പരിശോധനാഹർജി
2. കോഴിക്കോട് സൂപ്പർ ചെക്ക്സെൽ ഓഫീസറുടെ 07/01/2022 തീയതിയിലെ എസ്.സി/35/2020/കെകെഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് പെരുവമ്പ സി. എ. ഹൈസ്കൂളിലെ 2019-20 വർഷത്തെ തസ്തിക പുനർ നിർണ്ണയത്തിനെതിരെ മാനേജർ സർക്കാറിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാഹർജി റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ആയതിന് കോഴിക്കോട് സൂപ്പർചെക്ക് സെൽ ഓഫീസർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചതിൽ,

2. 2019-20 വർഷത്തെ തസ്തിക നിർണ്ണയം അനുസരിച്ച് 13 ക്ലാസ്സ് ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ച കൊണ്ട് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിരുന്നു. സ്കൂളിന്റെ തസ്തിക നിർണ്ണയം പരിശോധിക്കുന്നതിനായി കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 27/11/2019 ന് സ്കൂൾ സന്ദർശിച്ച് പരിശോധന നടത്തി. സ്കൂളിൽ 2019-20 വർഷത്തിൽ ആറാമത്തെ പ്രവൃത്തി ദിവസം 396 വിദ്യാർത്ഥികൾ റോളിലുണ്ടായിരുന്നു. സൂപ്പർ ചെക്ക് സെല്ലിന്റെ ആദ്യ പരിശോധനയിൽ 58 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നു. ഹാജരില്ലാത്ത വിദ്യാർത്ഥികളുടെ ക്ലാസ്സുകളിലെ സാന്നിധ്യം പരിശോധിക്കുന്നതിനായി സൂപ്പർ ചെക്ക് സെൽ 27/01/2020 ന് വീണ്ടും സ്കൂളിൽ പരിശോധന നടത്തി. രേഖകളിന്മേലുള്ള പരിശോധനയിലും, കുട്ടികളുടെ ഹാജർ പരിശോധിച്ചതിൽ നിന്നും സ്കൂളിൽ 20 കൃത്രിമ അഡ്മിഷനുകളുണ്ടെന്ന് സുപ്പർ ചെക്ക് സെൽ കണ്ടെത്തുകയുണ്ടായി. സ്കൂളിലെ ക്രമക്കേട് സംബന്ധിച്ച് കെ ഇ ആർ അധ്യായം 23 റൂൾ 16 അനുസരിച്ച് വിശദമായ റിപ്പോർട്ട് കോഴിക്കോട് സൂപ്പർ ചെക്ക് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും അതനുസരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ക്രമക്കേട് സംബന്ധിച്ച വിവരം സ്കൂൾ അധികാരികളെ അറിയിക്കുകയും, ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം അറിയിക്കണമെന്നും അല്ലാത്തപക്ഷം സ്കൂളിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫിസർ

അനുവദിച്ച ഒരു ഡിവിഷനും ഒരു യു പി എസ് ടി തസ്തികയും റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്നും, ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർക്കാറിനുണ്ടായ ബാധ്യത ഈടാക്കുന്നതാണെന്നും കാണിച്ചുകൊണ്ട് നോട്ടീസ് നൽകുകയും ചെയ്തു.

3. ടി നോട്ടീസിന് സ്കൂൾ അധികാരികളിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ 21/10/2020 ന് ഒരു ഓൺലൈൻ വാദം കേൾക്കൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പിരിശോധിക്കുയും സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ട് സന്ദർശന ദിവസവും ഹാജരില്ലാത്തതും റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ടതുമായ വിദ്യാർത്ഥികളെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലും 20 കൃത്രിമ അഡ്മിഷനുകളുണ്ടെന്നാണ് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയത്. ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 6 വിദ്യാർത്ഥികളെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. 14 വിദ്യാർത്ഥികൾ സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും ഹാജരില്ലായിരുന്നു. വാദം കേൾക്കലിൽ സ്കൂളിലെ എസ് എസ് എൽ സി പരീക്ഷയിൽ സൂപ്പർ ചെക്ക് സെൽ കൃതിമ അഡ്മിഷനായി കണ്ടെത്തിയ 2 വിദ്യാർത്ഥികൾ ഹാജരായിട്ടുണ്ടെന്ന പ്രധാനാധ്യാപകന്റെ വാദം പരിശോധിക്കുകയും, ഇക്കാര്യം ശരിയാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പത്താം ക്ലാസ്സിലെ രണ്ട് വിദ്യാർത്ഥികളെ (അഭിലാഷ് എ., ഷാഹുൽ ഹമീദ്) കൃത്രിമ അഡ്മിഷനിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ഒഴിവാക്കുകയുണ്ടായി. സ്കൂളിലെ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന റിജോയ് ആർ. എന്ന വിദ്യാർത്ഥി ഒരു ദിവസം പോലും സ്കൂളിൽ ഹാജരായിട്ടില്ലെന്ന് സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. അഞ്ചാം ക്ലാസ്സിലെ മൂന്നാമത്തെ ഡിവിഷൻ നിലനിർത്താൻ വേണ്ടി സ്കൂളിൽ ഹാജരാകാത്ത ടി വിദ്യാർത്ഥിക്ക് അഡ്മിഷൻ നൽകിയതാണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിരുന്നു. ഈ വിദ്യാർത്ഥിയെ ഒഴിവാക്കി തസ്തിക നിർണ്ണയം നടത്തിയാൽ അഞ്ചാം ക്ലാസ്സിലെ മൂന്നാമത്തെ ഡിവിഷൻ അനുവദിക്കാൻ കഴിയില്ലായിരുന്നു. ഈ സാഹചര്യത്തിലാണ് ശാരീരിക വൈകല്യമുള്ള റിജോയ് ആർ. എന്ന വിദ്യാർത്ഥിയെ കൂടി ഉൾപ്പെടുത്തി അഞ്ചാം ക്ലാസ്സിലെ റോൾ സ്ട്രെംഗ്ത് 61 ആക്കി മൂന്നാമത്തെ ഡിവിഷൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിക്കേണ്ടി വന്നത്. അതുപോലെ സൂപ്പർ ചെക്ക് സെൽ കൃത്രിമ അഡ്മിഷനായി കണ്ടെത്തിയ മറ്റ് 17 വിദ്യാർത്ഥികളും യഥാർത്ഥത്തിലുള്ളവരാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും സ്കൂളധികൃതർ ഹാജരാക്കിയിരുന്നില്ല. ആയതിനാൽ തന്നെ, കോഴിക്കോട് സൂപ്പർ ചെക്ക് സെൽ കൃത്രിമ അഡ്മിഷനായി കണ്ടെത്തിയ 18 വിദ്യാർത്ഥികളെ റോളിൽ നിന്നും ഒഴിവാക്കി പെരുവമ്പ സി.എ. ഹൈസ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 04/02/2021 നുള്ള എസ്.സി/35/2020/കെ.കെ.ഡി നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുതുക്കി ഉത്തരവാകുകയാണുണ്ടായത്. അതനുസരിച്ച് യു പി വിഭാഗത്തിൽ ഒരു ഡിവിഷനും ഒരു യു പി എസ് ടി തസ്തികയും റദ്ദാക്കി ഉത്തരവാകാൻ വേണ്ടി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും, കൃത്രിമ അഡ്മിഷനിലൂടെ സർക്കാറിനുണ്ടായ ബാധ്യത സ്കൂൾ പ്രധാനാധ്യാപകനിൽ നിന്നും, ക്ലാസ്സ് അധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയിലൂടെ ഈടാക്കാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകുകയുണ്ടായി എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ടി റിപ്പോർട്ട് വിശദമായി പരിശോധിച്ചു. സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ട്

സന്ദർശന ദിവസവും ഹാജരില്ലാതിരുന്ന വിദ്യാർത്ഥികളിൽ പത്താം ക്ലാസ്സിലെ രണ്ട് വിദ്യാർത്ഥികളെ (അഭിലാഷ് എ., ഷാഹുൽ ഹമീദ്) കൃത്രിമ അഡ്മിഷനിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന റിജോയ് ആർ. എന്ന വിദ്യാർത്ഥി ശാരീരിക വൈകല്യമുള്ള കുട്ടിയാണെങ്കിലും ഒരു ദിവസം പോലും സ്കൂളിൽ ഹാജരായിട്ടില്ലെന്ന് സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി കുട്ടിയ്ക്ക് അഡ്മിഷൻ നൽകി അഞ്ചാം ക്ലാസ്സിൽ 61 കുട്ടികളെ തികച്ചതിനാലാണ് അഞ്ചാം ക്ലാസ്സിൽ അധിക ഡിവിഷൻ അനുവദിക്കേണ്ടി വന്നത്. ടി ഡിവിഷനാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ റിജോയ് ആർ. 50% വൈകല്യമുള്ള കുട്ടിയാണെന്നും, ശാരീരിക വൈകല്യമുള്ള കുട്ടികൾ തുടർച്ചയായി സ്കൂളിൽ ഹാജരാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ടെന്നുമാണ് മാനേജരുടെ വാദം. എന്നാൽ ആയതിന് ആധാരമായ രേഖകളൊന്നും മാനേജർ സമർപ്പിച്ചിട്ടില്ല. ഇവിടെ റിജോയ് ആർ. എന്ന കുട്ടി സ്കൂളിൽ ഹാജരയിട്ടേ ഇല്ല എന്നാണ് സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കണ്ടെത്തിയത്. ആയതിനാൽ തന്നെ, മാനേജരുടെ ടി വാദം അംഗീകരിയ്ക്കാൻ കഴിയാത്തതിനാൽ, ടി സ്കൂളിലെ 2019-20 തസ്തിക പുനർ നിർണ്ണയം നടത്തിയതിനെതിരെ ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, സി എ ഹൈസ്കൂൾ, പെരുവമ്പ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സി എ ഹൈസ്കൂൾ, പെരുവമ്പ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 01-06-2022 13:37:31**
സെക്ഷൻ ഓഫീസർ